"ഭരണഭാഷ- മാതൃഭാഷ"



**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - കേരള അഗ്രോ മെഷീനറി കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ശ്രീ.കെ.പി.ശശികുമാറിന്റെ ശമ്പളം പുതുക്കി നിശ്ചയിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (പി.യു) വകുപ്പ്**

സ.ഉ.(കൈ) നം.50/2024/AGRI തീയതി,തിരുവനന്തപുരം, 18-06-2024

---

പരാമർശം:-

1. സ.ഉ.(കൈ) നം. 19/09/PLG ,തീയതി 20.05.09.
2. സ.ഉ(പി) നം.131/22/ധന, തീയതി 29.10.22 .
3. സ.ഉ.(സാധാ) നം. 852/23/കൃഷി , തീയതി 25/08/23.
4. കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 06.09.23 ലെ കെ.ബി2/37 നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ.കെ.പി.ശശികുമാറിന്റെ സേവനവേതനവ്യവസ്ഥകൾ പിന്നീട് നിശ്ചയിക്കാമെന്ന വ്യവസ്ഥയിൽ ടിയാനെ കേരള അഗ്രോ മെഷീനറി കോർപ്പറേഷൻ ഡയറക്ടർ ബോർഡ് അംഗമായും മാനേജിംഗ് ഡയറക്ടറായും കരാർ നിയമന വ്യവസ്ഥയിൽ ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്ക് പരാമർശം (3) ഉത്തരവ് പ്രകാരം നിയമിക്കുകയുണ്ടായി.

പരാമർശം (3) ഉത്തരവിന്റെ അടിസ്ഥാനത്തിൽ കാംകോ മാനേജിംഗ് ഡയറക്ടറായി ചുമതലയേറ്റ ശ്രീ.കെ.പി.ശശികുമാറിന്റെ ശമ്പളവും, മറ്റ് സേവനവേതന വ്യവസ്ഥകളും നിശ്ചയിച്ചു നല്കുവാൻ കാംകോ പരാമർശം (4) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേരള അഗ്രോ മെഷീനറി കോർപറേഷൻ ലിമിറ്റഡ് മാനേജിങ് ഡയറക്ടർ ശ്രീ.കെ.പി.ശശികുമാറിന്റെ ശമ്പളം പരാമർശം (1) പ്രകാരമുള്ള ഉത്തരവിലെ ശമ്പള സ്കെയിലിനെ അടിസ്ഥാനപ്പെടുത്തി താഴെപ്പറയും പ്രകാരം പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

25400 + 347% DA = 1,13,538/- (rounded to Rs.1,15,000/-)

കൂടാതെ, പരാമർശം (2) പ്രകാരം പൊതുമേഖല സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരുടെ ശമ്പളം പുതുക്കി നിശ്ചയിക്കുന്ന മുറയ്ക്ക് ടിയാന്റെ ശമ്പളം ആയതിനനുസൃതമായി ക്രമീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രശാന്ത് എൻ ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കേരള അഗ്രോ മെഷീനറി കോർപറേഷൻ ലിമിറ്റഡ്
2. കാംകോ ഡയറക്ടർ ബോർഡ് അംഗങ്ങൾക്ക് (മാനേജിംഗ് ഡയറക്ടർ മുഖേന)
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) തിരുവനന്തപുരം

4. ധനകാര്യ (പി.യു-ബി) വകുപ്പ്
5. വെബ് & ന്യൂ മീഡിയ, പൊതുജന സമ്പർക്ക വകുപ്പ്
6. തീർപ്പ് ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Premchand C P
Date: 19-06-2024 14:28:36
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്